"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട്, വടവന്നൂർ വി.എം ഹൈസ്കൂളിലെ എച്ച്.എസ്.എ (ഫിസിക്കൽ സയൻസ്) ശ്രീമതി.സി.ജ്യോതിസ്മിത ഫയൽ ചെയ്ത WP(C) No.**33243/2014** മേൽ ബഹു. ഹൈക്കോടതി യുടെ **04.04.2024** തീയതിയിലെ വിധിന്യായം - നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1045/2026/GEDN തീയതി,തിരുവനന്തപുരം, 04-02-2026

---

പരാമർശം:- 1. സ.ഉ. (സാധാ) നം.2885/2014/പൊ.വി.വ. തീയതി 19.7.2014 (എക്സിബിറ്റ്പി9)

2. ബഹു. കേരള ഹൈക്കോടതിയുടെ W.P.(C) No. 33243/2014 മേലുള്ള 04.04.2024 തീയതി വിധിന്യായം.

3. പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 01/10/2024 തീയതിയിലെ ബി 2/1141/2021 നമ്പർ കത്ത്.

4. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 07-10-2024 തീയതിയിലെ DDEPKD/2721/2024-B4 നമ്പർ കത്ത്.

5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 19/10/2024 തീയതിയിലെ ഇഎം1/18297/2024/ഡി.ജി.ഇ നമ്പർ കത്ത്.

6. പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 08/01/2025 തീയതിയിലെ ഡി.ഇ.ഓ.പി.കെ.ഡി/1717/2025-ബി2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട്, വടവന്നൂർ വി.എം ഹൈസ്കൂളിലെ എച്ച്.എസ്.എ (ഫിസിക്കൽ സയൻസ്) ശ്രീമതി.സി.ജ്യോതിസ്മിത ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത W.P.(C) No. 33243/2014-ന്റെ 04.04.2024-ലെ വിധിന്യായത്തിൽ പരാമർശം (1) റദ്ദാക്കുകയും, ഹർജിക്കാരിയെയും ശ്രീമതി. എൻ.എം.ഷാന്റിമോൾ, 4 മുതൽ 6 വരെയുള്ള എതിർ കക്ഷികളെയും വീണ്ടും കേട്ട് തീരുമാനമെടുക്കുന്നതിനും ഒന്നാം എതിർ കക്ഷിയായ പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിൻ പ്രകാരം ഹർജിക്കാരിയെയും ബന്ധപ്പെട്ട എല്ലാ കക്ഷികളെയും 1.10.2024-ൽ ഗൂഗിൾ മീറ്റ് മുഖാന്തിരം കേട്ടു.

2. ഹർജിക്കാരിയുടെ വാദങ്ങൾ താഴെ കൊടുക്കുന്നു.

പാലക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസറുടെ കീഴിലുള്ള ഒരു എയ്ഡഡ് വിദ്യാലയമാണ്

പാലക്കാട് ജില്ല വടവന്നൂർ വി.എം ഹൈസ്കൂൾ. 01.9.2000 മുതൽ എച്ച്.എസ്.എ (ഫിസിക്കൽ സയൻസ്) അദ്ധ്യാപികയായി സ്കൂളിൽ തുടർന്നു വരുന്നു. 2006-07 അധ്യയന വർഷം 19 ഡിവിഷനാണ് അംഗീകരിച്ചിട്ടുള്ളത്. മുൻവർഷം 22 ഡിവിഷനുകൾ അനുവദിച്ചിരുന്നു. 15.7.2006 മുതൽ ശ്രീ.പി.അഭിലാഷ് എച്ച്.എസ്.എ (സോഷ്യൽ സ്റ്റഡീസ്), ശ്രീമതി. എൻ.എം.ഷാന്റിമോൾ എച്ച്.എസ്.എ (മാത്സ്), ശ്രീമതി.സി.ജ്യോതിസ്മിത എച്ച്.എസ്.എ (ഫിസിക്കൽ സയൻസ്) എന്നിവരെ റീട്രെഞ്ച് ചെയ്ത് ഉത്തരവായിട്ടുള്ളതാണ്.

16.9.2006 തീയതി സ.ഉ (പി) നം.244/2006/പൊ.വി.വ സർക്കാർ ഉത്തരവിൽ ശ്രീ.പി.അഭിലാഷ്, എച്ച്.എസ്.എ സോഷ്യൽ സ്റ്റഡീസ് എന്നിവരെ 2006-07 വർഷം 1:40 അനുപാതത്തിൽ നിലനിർത്തുവാൻ ഉത്തരവായിട്ടുള്ളതാണ്. സബ്ജക്ട് റിക്വയർമെന്റ് പാലിക്കാതെയാണ് ടി ഉത്തരവ് പാസ്സാക്കിയിട്ടുള്ളത്. സബ്ജക്ട് റിക്വയർമെന്റ് പാലിച്ചിരുന്നെങ്കിൽ ഇരുപതാമത്തെ തസ്തികയിൽ ഹൈസ്കൂൾ അസിസ്റ്റന്റ് ഫിസിക്കൽ സയൻസിനെ ആണ് നിലനിർത്തേണ്ടിയിരുന്നത്.

2007-08 അധ്യയന വർഷം ഒരു ഡിവിഷൻ കൂടി അനുവദനീയമായിരുന്നു എങ്കിലും 19 ഡിവിഷനുകളാണ് ജില്ല വിദ്യാഭ്യാസ ഓഫീസ് മുൻവർഷത്തെ അനുസരിച്ച് അനുവദിച്ചിരുന്നത്. സർക്കാർ ഉത്തരവ് (പി) നം.317/2005/പൊ.വി.വ തീയതി4650216 17.8.2005 ഉത്തരവിലൂടെ അധിക ഡിവിഷനുകൾ അനുവദിക്കുന്നതിന് നിരോധനം ഏർപ്പെടുത്തിയിട്ടുള്ളതിനാൽ ജില്ല വിദ്യാഭ്യാസ ഓഫീസ് അത് അനുവദനീയമായ ഹൈസ്കൂൾ അസിസ്റ്റന്റ് തസ്തികയും ഡിവിഷനും അനുവദിച്ചില്ല.

ഇരുപതാമത്തെ ഹൈസ്കൂൾ അസിസ്റ്റന്റ് റഗുലർ തസ്തിക ഫിസിക്കൽ സയൻസ് അദ്ധ്യാപികയാണ് ഉൾക്കൊള്ളേണ്ടത്. ശ്രീമതി.സി.ജ്യോതിസ്മിത ചട്ടം 51എ അവകാശിയാണ് ആയതിനാൽ ടിയാളെ ഇരുപതാമത്തെ തസ്തികയിലേക്ക് മാറ്റി നിയമിക്കുവാൻ അർഹതയുള്ളതാണ്. പക്ഷേ നിയമനം നിരോധനം മാറ്റിയിട്ടും ഇരുപതാമത്തെ ഹൈസ്കൂൾ അസിസ്റ്റന്റ് തസ്തികയിലേക്ക് പെറ്റീഷനറായ ശ്രീമതി. സി. ജ്യോതിസ്മിത എന്നവരെ ഉൾക്കൊള്ളുവാൻ ഡിപ്പാർട്ട്മെന്റ് വിസമ്മതിച്ചിട്ടുള്ളതാണ്. അനുവദനീയമായ തസ്തികയിൽ ഉൾക്കൊള്ളണമെന്ന് ആവശ്യപ്പെട്ട് ഉപഡയറക്ടർ മുമ്പാകെ സമർപ്പിച്ച അപേക്ഷയും നിരസിച്ചിട്ടുള്ളതാണ്. ടി ഉത്തരവിനെതിരെ സർക്കാർ മുമ്പാകെ റിവിഷൻ സമർപ്പിച്ചിട്ടുള്ളതാണ്. കൂടാതെ 2010-11 തസ്തിക നിർണ്ണയ ഉത്തരവിനെതിരെയും റിവിഷൻ ഹർജി സമർപ്പിച്ചിട്ടുള്ളതാണ്.

ശ്രീമതി.സി.ജ്യോതിസ്മിത ബഹു. കോടതി മുമ്പാകെ 12539/2013 നമ്പർ റിട്ട് ഹർജി സമർപ്പിച്ചിട്ടുള്ളതും ആയതിൽ സർക്കാരിനോട് ഒരു തീരുമാനം കൈക്കൊള്ളുവാൻ നിർദ്ദേശിച്ചിട്ടുള്ളതുമാണ്. ശ്രീമതി.സി.ജ്യോതിസ്മിത - യുടെ വാദഗതികൾ പരിഗണിക്കാതെ നിരസിച്ചിട്ടുള്ള സർക്കാർ ഉത്തരവിനെതിരെയാണ് ബഹു. ഹൈകോടതി മുമ്പാകെ റിട്ട് ഹർജി സമർപ്പിച്ചിട്ടുള്ളതും മേൽ കേസിലെ വിധിയിൽ സർക്കാരിനോട് ഈ വിഷയം പുനഃപരിശോധിക്കുവാൻ ആവശ്യപ്പെട്ടിട്ടുള്ളതുമാണ്.

സ.ഉ(പി) നം.125/2001/പൊ.വി.വ തീയതി 02.04.2001 സർക്കാർ ഉത്തരവിലും 68832/J2/2009/പൊ.വി.വ തീയതി 19.1.2010 നമ്പർ സർക്കുലർ അനുസരിച്ച് 1:40 അനുപാതത്തിൽ ക്ലാസ് ഡിവിഷൻ അനുവദിക്കുകയാണെങ്കിൽ ആയത് സബ്ജക്ട് റിക്വയർമെന്റ്

അനുസരിച്ച് ആയിരിക്കണം എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. കൂടാതെ സ.ഉ (സാധാ) നം.915/2010/പൊ.വി.വ തീയതി 01.03.2010 സർക്കാർ ഉത്തരവിലും ഇത് വ്യക്തമാക്കിയിട്ടുള്ളതാണ്. ടി സർക്കാർ ഉത്തരവുകളിൽ നിന്നും വ്യതിചലിച്ച് ശ്രീ.അഭിലാഷ് എന്നവർക്ക് ഇരുപതാമത്തെ തസ്തികയിൽ നിയമനം നൽകുവാൻ സർക്കാർ കണ്ടെത്തിയ കാരണം പഠിപ്പിക്കുന്ന വിഷയം വ്യത്യസ്തമാണെങ്കിലും ടിയാൻ സീനിയർ ആണ് എന്നതാണ്.

2007-08 അദ്ധ്യയന വർഷവും പിന്നീടുള്ള വർഷങ്ങളിലും തസ്തിക ഉണ്ടായിരുന്നു. ആയതിനാൽ ശ്രീമതി.സി.ജ്യോതിസ്മിത-യ്ക്ക് നിയമനാംഗീകാരത്തോടു കൂടി സ്കൂളിലെ തുടരുവാൻ സാധിക്കുന്നതായിരുന്നു. റിട്രെഞ്ച് ഉത്തരവ് ഉണ്ടായിരുന്നിട്ടും യാതൊരു ബ്രേക്കും കൂടാതെ ശ്രീമതി.സി.ജ്യോതിസ്മിത എന്നവർ സ്കൂളിൽ തുടർന്നു വന്നു. ആയതിനാൽ 2006-07 മുതൽ നിയമനാംഗീകാരവും അനുബന്ധ ആനുകൂല്യങ്ങളും അനുവദിച്ച് നൽകേണ്ടതാണ്.

ബഹുമാനപ്പെട്ട ഹൈക്കോടതി വത്സല കുമാരി ദേവി Vs State of Kerala (2011 (3) KLT 549 DB) എന്ന കേസിൽ illegal ആയി നിയമനം അംഗീകാരവും നൽകിയിട്ടുണ്ടെങ്കിൽ ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.

മേൽ സാഹചര്യങ്ങളുടെയും കോടതി വിധിയുടെയും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ ശ്രീമതി. സി.ജ്യോതിസ്മിത - യെ സബ്ജക്ട് റിക്വയർമെന്റ് അടിസ്ഥാനത്തിൽ 1:40 അനുപാതത്തിൽ അനുവദിച്ച തസ്തികയിൽ നിലനിർത്തണമെന്നും, 2006-07 അധ്യയന വർഷം മുതൽ നിയമന അംഗീകാരവും മറ്റ് അനുവദനീയമായ ആനുകൂല്യങ്ങളും അനുവദിച്ച നൽകുവാൻ ഒരു ഉത്തരവുണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

3. പൊതുവിദ്യാഭ്യാസ ഡയറക്ടർ, ജില്ല വിദ്യാഭ്യാസ ഓഫീസർ, പാലക്കാട് എന്നിവരുടെ സമാനമായ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

പാലക്കാട് ജില്ലയിലെ വടവന്നൂർ വി.എം.ഹൈസ്കൂളിൽ ശ്രീമതി ജ്യോതിസ്മിത.സി, എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്) 01.09.2000 മുതൽ അധിക ഡിവിഷൻ തസ്തികയിൽ ജോയിൻ ചെയ്തിരുന്നു. 01.09.2000 മുതൽ 30.03.2001 വരെയും 06.06.2001 മുതൽ 14.07.2006 വരെയും സർവ്വീസിൽ തുടർന്നു. 2006-07 വർഷം തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസർ 14.07.2006 മുതൽ അധികമായി ജോലി ചെയ്യുന്നതായി കണ്ടെത്തിയ 3 അധ്യാപകരെ തസ്തിക നഷ്ടം സംഭവിച്ച് റീട്രെഞ്ച് ചെയ്യുന്നതിൽ ശ്രീമതി ജ്യോതിസ്മിത സി യും ഉൾപ്പെടുന്നു.

1. ശ്രീ അഭിലാഷ് പി., എച്ച്.എസ്.ടി (സോഷ്യൽ സയൻസ്)
2. ശ്രീമതി എൻ എം ഷാന്റിമോൾ, എച്ച്.എസ്.ടി (മാതസ്)
3. ശ്രീമതി ജ്യോതി സ്മിത സി, എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്)

പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിലെ 28.03.2007ലെ ബി2/6200/2006 നമ്പർ ഉത്തരവ് പ്രകാരം സീനിയർ അധ്യാപകനായ ശ്രീ അഭിലാഷ്.പി,

എച്ച്.എസ്.ടി (സോഷ്യൽ സയൻസ്) ന് 16.09.2006ലെ ജി.ഒ.(പി) 244/2006/പൊ.വി.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2006-07 വർഷത്തേക്ക് 1:40 യുടെ ആനുകൂല്യം നൽകുകയുണ്ടായി. മറ്റ് രണ്ട് അധ്യാപകർക്കും ആ കാലയളവിലേക്ക് ടി ആനുകൂല്യം അനുവദിച്ചില്ല.

2007-08 വർഷവും 17.08.2005ലെ ജി.ഒ.(പി) 317/2005/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ് നിലനിൽക്കുന്നതിനാൽ അധിക ഡിവിഷനോ തസ്തികയോ അനുവദിച്ചിരുന്നില്ല. അതേ വർഷം ശ്രീ സാമുവൽ മാത്യുവിന്റെ 01.03.2007 മുതൽ 29.02.2012 വരെയുള്ള LWA വേക്കൻസിയിൽ 23.01.2007ലെ ജി.ഒ.(ആർ.റ്റി) നമ്പർ 347/2007/പൊ.വി.വ ന്റെ അടിസ്ഥാനത്തിൽ സീനിയർ അധ്യാപകരായ ശ്രീ അഭിലാഷ് പി., എച്ച്.എസ്.ടി (സോഷ്യൽ സയൻസ്) നെ മാറ്റി നിയമിച്ചിട്ടുണ്ട്. തുടർന്ന് സീനിയറായ ശ്രീമതി. എൻ.എം.ഷാന്റിമോൾ 09.06.2006ലെ ജി.ഒ(ആർ.റ്റി) നമ്പർ 1901/2006/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം LWA അവധിയിൽ പ്രവേശിക്കുകയും ടിയാൾക്ക് വീണ്ടും 10 വർഷത്തേക്കുകൂടി (02.06.2007 മുതൽ 01.06.2017 വരെ) അവധി നീട്ടി നൽകുകയും ചെയ്തിട്ടുണ്ട്. ടി കാലയളവിൽ ശ്രീമതി ജ്യോതിസ്മിത. സി, എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്) തസ്തികയിൽ ആനുകൂല്യങ്ങൾ ഇല്ലാതെ തുടർന്നു വരുന്നു.

മേൽ പറഞ്ഞ കാരണങ്ങളാൽ ശ്രീമതി. എൻ എം ഷാന്റിമോൾക്ക് ശേഷം സീനിയറായ അധ്യാപിക എന്ന നിലയിലും ടി കാലയളവിൽ മറ്റ് സർവ്വീസ് ബ്രേക്ക് ഇല്ലാതെ തുടർന്നതിനാലും ശ്രീമതി ജ്യോതി സ്മിത സി - യെ 16.09.2006 ലെ ജി.ഒ.(പി) നം.244/2006/പൊ.വി.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 01.03.2007 മുതൽക്ക് നിലനിർത്തേണ്ടിയിരുന്നു എന്നതാണ് ടിയാളുടെ ആവശ്യം. 09.06.2010 മുതൽ 06.12.2010 വരെ മറ്റൊരു അധ്യാപികയായ ശ്രീമതി ഫൗമി, എച്ച്.എസ്.ടി (ഇംഗ്ലീഷ്) പ്രസവാവധിയിൽ പ്രവേശിച്ചിരുന്നു. ഇതു കൂടാതെ ശ്രീമതി മേരി മാത്യു എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്) 08.06.2010 മുതൽ 18.03.2014 വരെയുള്ള കാലയളവിൽ 02.06.2010ലെ ജി.ഒ.(ആർ.റ്റി) നമ്പർ 2354/2010/പൊ.വി.വ ന്റെ അടിസ്ഥാനത്തിൽ LWA അവധിയിൽ പ്രവേശിച്ചിട്ടുണ്ട്. 08.06.2010 മുതൽ 18.03.2014 വരെ ശ്രീമതി മേരി മാത്യു, എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്) ന്റെ LWA വേക്കൻസിയിലും, 19.03.2014 മുതൽ ശ്രീ പി എൻ അജിത് ലാലിന്റെ പ്രൊമോഷൻ വേക്കൻസിയിലുമാണ് തുടർന്നു വരുന്നത്.

ശ്രീ സാമുവൽ മാത്യുവിന്റെ 01.03.2007 മുതൽ 29.02.2012 വരെയുള്ള LWA വേക്കൻസി അവസാനിക്കുന്ന 29.02.2012 വരെയോ ശ്രീ സാമുവൽ മാത്യു തിരികെ ജോലിയിൽ പ്രവേശിക്കുന്ന തീയതി വരെയോ ഏതാണോ ആദ്യം അതുവരെ തനിക്ക് നിലനിൽക്കാൻ അർഹതയുള്ളതായി ടിയാൾ അവകാശമുന്നയിച്ചിരിക്കുന്നു. സർക്കാരിന് സാമ്പത്തിക ബാധ്യത വരുത്താതെ തന്നെ നിലനിൽക്കാൻ ആവശ്യമായ തസ്തിക നിലവിലുണ്ടായിരുന്നതിനാൽ 4 വർഷമായി ശമ്പളമില്ലാതെ തുടരുന്ന തനിക്ക് അർഹമായ ശമ്പളവും ആനുകൂല്യങ്ങളും അനുവദിക്കണമെന്നാണ് ടിയാളുടെ ആവശ്യം. 1:40 അധ്യാപക വിദ്യാർത്ഥി അനുപാതത്തിൽ സീനിയർ അധ്യാപകരെ തന്നെയാണ് നിലനിർത്തിയിട്ടുള്ളത്. മാത്രവുമല്ല ലീവ് ഒഴിവിൽ ശ്രീമതി ജ്യോതിസ്മിത.സി - യെ മാനേജർ മാറ്റി നിയമിക്കുകയോ ആയത് പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ നിന്ന് അംഗീകരിച്ച് ഉത്തരവാകുകയോ ചെയ്തിട്ടില്ല എന്ന് ജില്ല വിദ്യാഭ്യാസ ഓഫീസർ അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ വ്യവസ്ഥാപിതമായ

ഒഴിവില്ലാത്തതിനാൽ ശ്രീമതി ജ്യോതിസ്മിത.സി - യുടെ ആവശ്യം പരിഗണനാർഹമല്ല എന്ന് പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ നിന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ വ്യവസ്ഥാപിതമായ ഒഴിവില്ലാത്തതിനാൽ ടിയാളുടെ നിയമനം പരിഗണിക്കാൻ നിർവാഹമില്ല എന്ന് അഭിപ്രായപ്പെടുന്നു.

വിദ്യാഭ്യാസ ഉപഡയറക്ടറുടെ റിപ്പോർട്ട് താഴെ പറയും പ്രകാരമാണ്.

വടവന്നൂർ വി.എം.ഹൈസ്കൂളിൽ എച്ച്.എസ്.ടി (പി.എസ്) തസ്തികയിൽ ശ്രീമതി.ജ്യോതിസ്മിത.സി 1.9.2000 മുതൽ അംഗീകാരത്തോടെ ജോലി ചെയ്തിരുന്നു. (1.9.2000 മുതൽ 30.3.2001 വരെയും 6.6.2001 മുതൽ 14.7.2006 വരെ)

2006-07 വർഷം തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം തസ്തിക നഷ്ടം മൂലം താഴെപറയുന്ന 3 അദ്ധ്യാപകർ അധികമായി.

1.അഭിലാഷ്.പി, എച്ച്.എസ്.ടി (സോഷ്യൽ സയൻസ്)

2.എൻ.എം.ഷാന്റി മോൾ, എച്ച്.എസ്.ടി (മാത്സ്)

3. ജ്യോതിസ്മിത.സി എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്)

ഇതിൽ സീനിയർ അദ്ധ്യാപകനായ ശ്രീ.അഭിലാഷ്.പി യെ 2006-07 വർഷത്തേക്ക് 1:40 യുടെ ആനുകൂല്യം നൽകി നിലനിർത്തി. മറ്റ് രണ്ട് അദ്ധ്യാപകർ തസ്തിക നഷ്ടം മൂലം റീട്രെഞ്ച്ഡ് ആയി. തുടർന്ന് ടി സ്കൂളിലെ എച്ച്.എസ്.ടി സോഷ്യൽ സയൻസ് അദ്ധ്യാപകനായ ശ്രീ.സാമുവൽ മാത്യു 1.3.2007 മുതൽ 29.2.2012 വരെയുള്ള LWA ഒഴിവിൽ 1:40 ആനുകൂല്യം നൽകി നിലനിർത്തിയ ശ്രീ.അഭിലാഷ്.പി യെ മാറ്റി നിയമിച്ചു. തസ്തിക നഷ്ടം മൂലം റീട്രെഞ്ച്ഡ് ആയ, നിലവിൽ LWA അവധിയിൽ ഉള്ള ശ്രീമതി.എൻ.എം.ഷാന്റി മോൾ അവധിയിൽ തുടരുകയും ശ്രീമതി.ജ്യോതിസ്മിത.സി എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്) തസ്തികയിൽ ആനുകൂല്യങ്ങൾ ഇല്ലാതെ തുടർന്നു വന്നിരുന്നതായും ജില്ല വിദ്യാഭ്യാസ ഓഫീസർ അറിയിച്ചിട്ടുണ്ട്.

9.6.2010 മുതൽ 6.12.2010 വരെ മറ്റൊരു അദ്ധ്യാപികയായ ശ്രീമതി.ഫൗമി, എച്ച്.എസ്.ടി (ഇംഗ്ലീഷ്) പ്രസവാവധിയിൽ പ്രവേശിച്ചിരുന്നു. ഇത് കൂടാതെ ശ്രീമതി.മേരി മാത്യു എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്) 8.6.2010 മുതൽ 18.3.2014 വരെയുള്ള കാലയളവിൽ LWA അവധിയിൽ പ്രവേശിച്ചിട്ടുണ്ട്. 8.6.2010 മുതൽ 18.3.2014 വരെ ശ്രീമതി മേരി മാത്യു എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്)-ന്റെ LWA വേക്കൻസിയിലും തുടർന്ന് 19.3.2014 മുതൽ ശ്രീ.പി.എൻ അജിത് ലാലിന്റെ പ്രൊമോഷൻ വേക്കൻസിയിലും ശ്രീമതി.ജ്യോതിസ്മിത.സി തുടർന്നു വരുന്നതായി ജില്ല വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2006-07 വർഷത്തെ തസ്തിക നിർണ്ണയത്തിൽ 1:40 അനുപാതത്തിൽ തസ്തിക അനുവദിക്കുമ്പോൾ വിഷയാനുപാതത്തിൽ അനുവദിക്കേണ്ടത് എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്) തസ്തികയാണെന്നും പ്രസ്തുത തസ്തികയിൽ നിലനിർത്തേണ്ടത് എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്) തസ്തികയിലുള്ള തന്നെയാണെന്നും തസ്തിക നഷ്ടപ്പെട്ട കാലഘട്ടത്തിൽ മറ്റ് സർവ്വീസ് ബ്രേക്ക് ഇല്ലാതെ തുടർന്നതിനാൽ തന്നെ നിലനിർത്തണം എന്നുമാണ്

ഹർജിക്കാരിയുടെ ആവശ്യം.

2006-07 വർഷത്തെ തസ്തിക നിർണ്ണയത്തിൽ 1:40 അനുപാതത്തിൽ തസ്തിക അനുവദിക്കുമ്പോൾ വിഷയാനുപാതത്തിൽ അനുവദിക്കുന്ന തസ്തികയിൽ അതേ തസ്തികയിൽ തസ്തിക നഷ്ടപ്പെട്ട് പുറത്തായ അദ്ധ്യാപകരെയാണ് നിലനിർത്തേണ്ടത് എന്ന് കാണുന്നു. തുടർന്നുള്ള വർഷങ്ങളിൽ അതത് കാലത്തെ ഉത്തരവിനനുസരിച്ച് തസ്തിക ലഭ്യമാണോ എന്ന് പരിശോധിക്കേണ്ടതുണ്ട്.

പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. ശ്രീമതി.സി.ജ്യോതിസ്മിത 1.9.2000-ൽ വടവന്നൂർ വി.എം ഹൈസ്കൂളിൽ എച്ച്.എസ്.എ (ഫിസിക്കൽ സയൻസ്) അധിക ഡിവിഷൻ തസ്തികയിൽ നിയമിതയായി. 1.9.2000 മുതൽ 30.3.2001 വരെയും 6.6.2001 മുതൽ 14.7.2006 വരെയും അംഗീകാരത്തോടെ ജോലി ചെയ്തിരുന്നു. 2006-07 വർഷത്തെ തസ്തക നിർണ്ണയ ഉത്തരവ് പ്രകാരം ഹർജിക്കാരി ഉൾപ്പെടെ 3 അദ്ധ്യാപകർ (ശ്രീ.അഭിലാഷ്.പി എച്ച്.എസ്.ടി (സോഷ്യൽ സ്റ്റഡീസ്), ശ്രീമതി.എൻ.എം.ഷാന്റിമോൾ, എച്ച്.എസ്.ടി (മാത്സ്)) റീട്രെഞ്ച് ചെയ്യപ്പെടുകയുണ്ടായി. 16.09.2006-ലെ GO (P)244/2006/GEDN പ്രകാരം 2006-07 വർഷത്തേക്ക് 1:40 യുടെ ആനുകൂല്യം സീനിയർ ആയ ശ്രീ.അഭിലാഷ്.പി എച്ച്.എസ്.ടി (എസ്.എസ്) ന് നൽകി. 2007-2008 വർഷവും അധിക തസ്തിക അനുവദിച്ചിരുന്നില്ല. തുടർന്ന് ശ്രീ.സാമുവൽ മാത്യൂവിന്റെ 1.3.2007 മുതൽ 29.2.2012 വരെയുള്ള LWA ഒഴിവിൽ 23.1.2007-ലെ GO (Rt) 347/2007/പൊ.വി.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സീനിയർ ആയ ശ്രീ.അഭിലാഷ്.പി എച്ച്.എസ്.ടി (എസ്എസ്)-നെ മാറ്റി നിയമിച്ചു. തുടർന്ന് സീനിയറായ ശ്രീമതി.എൻ.എം.ഷാന്റിമോൾ 2.6.2007 മുതൽ 1.6.2017 വരെ LWA അവധിയിൽ പ്രവേശിച്ചു. ടി കാലയളവിൽ ഹർജിക്കാരി എച്ച്.എസ്.ടി (പി.എസ്) തസ്തികയിൽ ആനുകൂല്യങ്ങൾ ഇല്ലാതെ തുടർന്നു വന്നു. തുടർന്ന് ശ്രീമതി.മേരിമാത്യു എച്ച്.എസ്.ടി (പി.എസ്) ന്റെ 8.6.2010 മുതൽ 18.3.2014 വരെയുള്ള LWA ഒഴിവിലും, 19.3.2014 മുതൽ ശ്രീ.പി.എൻ.അജിത് ലാലിന്റെ പ്രൊമോഷൻ ഒഴിവിലുമാണ് തുടർന്നു വരുന്നത്. ടിയാളുടെ 8.6.2010 മുതൽ 18.3.2014 വരെയുള്ള ശൂന്യവേതനാവധി ഒഴിവിലെ നിയമനവും, 19.3.2014 മുതലുള്ള പ്രൊമോഷൻ ഒഴിവിലെ നിയമനവും, പാലക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചു നൽകിയിട്ടുണ്ട്.

4. സർക്കാർ ഈ വിഷയം മുൻപ് പരിശോധിക്കുകയും ശ്രീ.സാമുവൽ മാത്യുവിന്റെ അവധി ഒഴിവിൽ ശ്രീ.അഭിലാഷിനെ മാറ്റി നിയമിച്ചത് ക്രമ പ്രകാരമായിരുന്നുവെന്നും, ആയതിനാൽ ടി തസ്തികയിൽ നിലനിർത്തണമെന്ന ശ്രീമതി.ജ്യോതിസ്മിതയുടെ ആവശ്യം നിരസിച്ച് പരാമർശം (1) ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

19.1.2010-ലെ സർക്കാർ സർക്കുലർ നം.68832/ജെ2/2009/പൊ.വി.വ പ്രകാരം 1:40 അനുപാതത്തിൽ അദ്ധ്യാപകരെ ഉൾക്കൊള്ളുമ്പോൾ സീനിയോറിറ്റി അല്ല, സബ്ജക്ട് റിക്വയർമെന്റ് ആയിരിക്കണം മാനദണ്ഡമെന്നും, 7.1.2002-ലെ GO (Ms) 11/2002/പൊ.വി.വ യിലെ അനുബന്ധം പ്രകാരം 19 ഡിവിഷൻ ഉണ്ടെങ്കിൽ ഫിസിക്കൽ സയൻസ് അദ്ധ്യാപകരുടെ എണ്ണം 3 ആയിരിക്കണമെന്നും, 20 ഡിവിഷൻ ഉണ്ടെങ്കിൽ ഫിസിക്കൽ സയൻസ് അദ്ധ്യാപകരുടെ എണ്ണം 4 ആയിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട് എന്നും, എക്സിബിറ്റ്പി2 ഉത്തരവ് (ജില്ല വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ്) പുറപ്പെടുവിച്ചപ്പോൾ ആയത് പരിഗണിച്ചിട്ടില്ലെന്നും ബഹു.ഹൈക്കോടതി നിരീക്ഷിക്കുന്നു. ആയത് പരിഗണിച്ചില്ലെങ്കിൽ പോലും

തൊട്ട് സീനിയറായ ശ്രീമതി.ഷാന്റി മോൾ ദീർഘമായ ശൂന്യവേതനാവധിയിൽ ആയിരുന്നതിനാൽ ശ്രീ.അഭിലാഷ്-നെ നിലനിർത്തിയ അവധി ഒഴിവിലെങ്കിലും പരിഗണിക്കേണ്ടതായിരുന്നുവെന്നും, എക്സിബിറ്റ്പി9 (പരാമർശം (1) ) ഉത്തരവ് പുറപ്പെടുവിച്ചപ്പോൾ ഇക്കാര്യങ്ങൾ പരിശോധിച്ചിട്ടില്ല എന്നുമുള്ള ഹർജിക്കാരിയുടെ വാദം ബഹു.കോടതി പരിഗണിക്കുകയും, എക്സിബിറ്റ്പി9 ഉത്തരവ് റദ്ദ് ചെയ്ത് ഹർജിക്കാരിയെയും ബന്ധപ്പെട്ട കക്ഷികളെയും വീണ്ടും കേട്ട് തീരുമാനമെടുക്കുവാൻ നിർദ്ദേശിക്കുകയുമാണ് ചെയ്തിട്ടുള്ളത്.

2006-07 വർഷത്തെ തസ്തിക നിർണ്ണയത്തിൽ സബ്ജക്ട് റിക്വയർമെന്റ് അടിസ്ഥാനത്തിൽ 1:40 അനുപാതത്തിൽ അനുവദിച്ച തസ്തികയിൽ എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്) തസ്തികയിലുള്ള തന്നെ നിലനിർത്തണമെന്നും, 2006-07 അദ്ധ്യയന വർഷം മുതൽ നിയമന അംഗീകാരവും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ചു നൽകണമെന്നതുമാണ് ഹർജിക്കാരിയുടെ ആവശ്യം. 2006-07 വർഷത്തെ തസ്തിക നിർണ്ണയത്തിൽ 1:40 അനുപാതത്തിൽ തസ്തിക അനുവദിക്കുമ്പോൾ വിഷയാനുപാതത്തിൽ അനുവദിക്കുന്ന തസ്തികയിൽ അതേ തസ്തികയിൽ തസ്തിക നഷ്ടപ്പെട്ട് പുറത്തായ അദ്ധ്യാപകരെയാണ് നിലനിർത്തേണ്ടത് എന്നും, തുടർന്നുള്ള വർഷങ്ങളിൽ അതാത് കാലത്തെ ഉത്തരവിനനുസരിച്ച് തസ്തിക ലഭ്യമാണോ എന്ന് പരിശോധിക്കേണ്ടതുണ്ടെന്നും പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ, അഭിപ്രായപ്പെടുന്നു. 1:40 അനുപാതത്തിൽ സീനിയർ ആയ അദ്ധ്യാപകരെ തന്നെയാണ് നിലനിർത്തിട്ടുള്ളതെന്നും, അവധി ഒഴിവിൽ ഹർജിക്കാരിയെ മാനേജർ മാറ്റി നിയമിക്കുകയോ, ആയത് ജില്ല വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച് ഉത്തരവാകുകയോ ചെയ്തിട്ടില്ല എന്ന് ജില്ല വിദ്യാഭ്യാസ ഓഫീസർ അറിയിച്ചിട്ടുണ്ടെന്നും, ടി സാഹചര്യത്തിൽ വ്യവസ്ഥാപിത ഒഴിവ് ഇല്ലാത്തതിനാൽ ടി നിയമനം പരിഗണിക്കുവാൻ നിർവ്വാഹമില്ല എന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽപ്പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2006-07 വർഷത്തെ തസ്തിക നിർണയത്തിൽ 1:40 അനുപാതത്തിൽ ഇരുപതാമത് തസ്തിക അനുവദിക്കുമ്പോൾ വിഷയാനുപാതത്തിൽ അനുവദിക്കുന്ന തസ്തികയിൽ അതേ തസ്തികയിൽ തസ്തിക നഷ്ടപ്പെട്ട് പുറത്തായ അധ്യാപകരെയാണ് നിലനിർത്തേണ്ടത് എന്ന് വിദ്യാഭ്യാസ ഉപഡയറക്ടറും, സീനിയർ അധ്യാപകനെയാണ് നിലനിറുത്തേണ്ടത് എന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടറും പ്രതിപാദിക്കുന്നു. എന്നാൽ സീനിയർ അധ്യാപകനെയാണ് നിലനിറുത്തേണ്ടത് എന്ന നിലപാടിനെ സാധൂകരിക്കുന്ന ഉത്തരവൊന്നും പൊതു വിദ്യാഭ്യാസ ഡയറക്ടർ ഹാജരാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ സ.ഉ (കൈ) നം. 125/2001 തീയതി 2.4.2001, Circular No.68832/J2/09/GEDN എന്നിവ പ്രകാരം പരിശോധിക്കുമ്പോൾ 2006-07 വർഷത്തെ തസ്തിക നിർണയത്തിൽ 1:40 അനുപാതത്തിൽ തസ്തിക അനുവദിക്കുമ്പോൾ വിഷയാനുപാതത്തിൽ അനുവദിക്കുന്ന തസ്തികയിൽ അതേ തസ്തികയിൽ തസ്തിക നഷ്ടപ്പെട്ട് പുറത്തായ അധ്യാപകരെയാണ് നിലനിർത്തേണ്ടത് എന്ന വിദ്യാഭ്യാസ ഉപഡയറക്ടറുടെ റിപ്പോർട്ടിനോട് യോജിക്കുന്നു.

മേൽ സാഹചര്യത്തിൽ പരാമർശം (1) ഉത്തരവ് റദ്ദാക്കി 2006-07 വർഷത്തെ തസ്തിക നിർണയത്തിൽ അനുവദിച്ച എച്ച്.എസ്.ടി. (ഫിസിക്കൽ സയൻസ്) തസ്തികയിൽ ഹർജിക്കാരിയെ നിലനിർത്തിക്കൊണ്ട്, 2006-07 അധ്യയന വർഷം മുതൽ നിയമന അംഗീകാരവും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ചു നൽകി പാലക്കാട്, വടവന്നൂർ വി.എം ഹൈസ്കൂളിലെ എച്ച്.എസ്.എ (ഫിസിക്കൽ സയൻസ്) ശ്രീമതി.സി.ജ്യോതിസ്മിത ഫയൽ ചെയ്ത

WP(C)No.33243/2014 കേസ്സിന്മേൽ ബഹു ഹൈകോടതി പുറപ്പെടുവിച്ച 04.04.2024 തീയതിയിലെ വിധിന്യായത്തിലെ നിർദേശം നടപ്പിൽ വരുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ശ്രീമതി.സി.ജ്യോതിസ്മിത, എച്ച്.എസ്.എ (ഫിസിക്കൽ സയൻസ്), വി.എം ഹൈസ്കൂൾ, വടവന്നൂർ ,പാലക്കാട്
ശ്രീമതി. എൻ.എം.ഷാന്റിമോൾ, എച്ച്.എസ്.എ (മാത്സ്), വി.എം ഹൈസ്കൂൾ, വടവന്നൂർ ,പാലക്കാട്
മാനേജർ, വി.എം ഹൈസ്കൂൾ, വടവന്നൂർ ,പാലക്കാട്
പൊതുവിദ്യാഭ്യാസ (ജെ.എ.) വകുപ്പ് (GE-JA3/293/2025-G.EDN dated : 19/11/2025)
വിവര പൊതുജന സമ്പർക്ക ( വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Meera S S
സെക്ഷൻ ഓഫീസർ
Date: 04-02-2026 18:30:36